കേരള സർക്കാർ

# ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി6)2044/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 01/11/2018

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി6)2044/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030

ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി : 01/11/2018

## എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ജയ സി.ആർ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.09.2018 മുതൽ 01.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.മിന പി.കെ.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.എം.എസ്.ഗോപകുമാർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷഫീക്ക്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. കവിത എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീ. ജോൺ ജേക്കബ് | 01.04.2017 | 31.03.2018 |
| സെക്രട്ടറി | ശ്രീമതി.ആർ മണിക്കുട്ടി | 01.04.2017 | 27.04.2017 |
| | ശ്രീമതി . റീന റാഫേൽ (ഇൻ ചാർജ്) | 28.04.2017 | 27.05.2017 |
| | ശ്രീമതി. ആർ മണിക്കുട്ടി | 28.05.2017 | 23.06.2017 |
| | ശ്രീമതി. കെ.എ.സലീമ | 24.06.2017 | 11.09.2017 |
| | ശ്രീമതി. മെഴ്സി.കെ.ഒ. (ഇൻ ചാർജ്) | 12.09.2017 | 28.10.2017 |
| | ശ്രീമതി . രാജശ്രീ.കെ.(ഇൻ ചാർജ്) | 29.10.2017 | 10.11.2017 |
| | ശ്രീമതി. കെ.എ.സലീമ | 11.11.2017 | 31.03.2018 |

### നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.റീന റാഫേൽ | 01.04.2017 | 10.07.2018. |
| | ശ്രീമതി.മെഴ്സി.കെ.ഒ. | 11.07.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ. സി. മഞ്ജു | 01.04.2017 | 31.03.2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഈശ്വരി | 01.04.2017 | 31.03.2018 |
| കൃഷി ഓഫീസർ | ശ്രീ.സുനിൽകുമാർ.ബി. | 01.04.2017 | 31.03.2018 |
| മെഡിക്കൽഓഫീസർ(ആയുർവേദം) | ഡോ.പി.രാംകുമാർ | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ജൂബി | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ജോജി യേശുദാസ് | 01.04.2017 | 31.03.2018 |
| ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.എസ് | ശ്രീമതി.ലേഖ രവീന്ദ്രൻ | 01.04.2017 | 31.03.2018 |
| വെറ്ററിനറി സർജ്ജൻ | ഡോ.ശീതൾ.ജി.മോഹനൻ | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഉദയംപേരൂർ | ശ്രീമതി.പ്രസീന | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കണ്ടനാട് | ശ്രീമതി. വി ശ്രീലത | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പൂത്തോട്ട | ശ്രീ.രാജേഷ്കുമാർ | 01.04.2017 | 31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.കെ ആർ ജയ | 01.04.2017 | 31.03.2018 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.ജിനി പി.വർഗീസ് | 01.04.2017 | 05.07.2017 |
| | ശ്രീമതി.നിത.എ.ആർ | 06.07.2017 | 31.03.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികക്കണക്കുകളിലെ അപാകതകൾ | 1-12 |
| | <u>ഭാഗം 2</u> | |
| 13 | വസ്തു നികുതി - അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി - അപാകതകൾ | 2-2 |
| 15 | ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ | 2-3 |
| 16 | ആംബുലൻസ് നടത്തിപ്പ് - അപാകതകൾ | 2-4 |
| 17 | കണ്ടനാട് യോഗകേന്ദ്രം | 2-5 |
| | <u>ഭാഗം 3</u> | |
| 18 | അംഗീകൃത സ്ഥാപനത്തിന്റെ ബില്ലുകൾ ഹാജരാക്കിയില്ല - ചെലവ് നിരാകരിക്കുന്നു | 3-1 |
| 19 | വാഹനത്തിന്റെ പരിപാലനം | 3-2 |
| 20 | വൗച്ചർ പരിശോധന – അപാകതകൾ | 3-3 |
| 21 | ചികിത്സാ ധനസഹായം നൽകിയത് | 3-4 |
| 22 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർ ഷിപ്പ് -അധികം നല്കിയ തുക 12000 രൂപ നിരാകരിക്കുന്നു | 3-5 |
| 23 | ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം- അധികം നല്കിയ തുക 5000 രൂപ നിരാകരിക്കുന്നു | 3-6 |
| 24 | ഗ്യാരന്റി ഉറപ്പുവരുത്താതെ എയർ കണ്ടീഷനറുകൾ വാങ്ങി | 3-7 |
| 25 | മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല | 3-8 |

| | | |
|---|---|---|
| 26 | അപേക്ഷയിലെ വിവരങ്ങൾ നേരിൽ പരിശോധിക്കാതെ ആനുകൂല്യങ്ങൾ നല്കി | 3-9 |
| 27 | പഞ്ചായത്തിന്റേതല്ലാത്ത സ്ഥാപനത്തിന് വേണ്ടി തുക ചെലവഴിച്ചു | 310 |
| 28 | രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല .-തടസ്സം 162104രൂപ | 3-11 |
| 29 | എസ്.സി.ഫ്ളാറ്റ് നിർമ്മാണം-ഉപയോഗിക്കാത്ത കമ്പിക്ക് 1,41,413/-രൂപ തുക അധികമായി നല്കിയത് തിരികെ ഈടാക്കണം. | 3-12 |
| 30 | പൊതുശ്മശാനം നിർമ്മാണം- പൂർത്തീകരിച്ചിട്ടില്ല.-നിർവ്വഹണത്തിലെ അപാകതകൾ | 3-13 |
| | ഭാഗം – 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ചാർജ്/സർചാർജ് ഖണ്ഡികകളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2017-18 | അനുബന്ധം.1 |
| 42 | ബാലൻസ് ഷീറ്റ് – 2017-18 | അനുബന്ധം.2 |
| 43 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് – 2017-18 | |
| 44 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2017-18 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 20.3.2017 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.05.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 01.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 & 26.6.2018 | നം.കെ.എസ്.എ-ഇ.കെ.എം(പി.ജി) 1786(74)/18 തീയതി 29.08.18 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33638205.00 |
| വരവ് | 84743024.00 |

| | |
|---|---|
| ആകെ | 118381229.00 |
| ചെലവ് | 76271110.00 |
| നീക്കിയിരിപ്പ് | 42110119.00 |

## 1-5 ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

.

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16898876.00 | 16898876 | 16898876 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7841831.00 | 7841831.00 | 7841831.00 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 160858.00 | 160858.00 | 160858.00 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3998677.00 | 3998677.00 | 3998677.00 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4033004.00 | 4033004.00 | 4033004.00 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13008235.00 | 13008235.00 | 13008235.00 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3613680.00 | 3613680.00 | 3613680.00 | |
| എം.എൻ.ആർ.ഇ. ജി.എസ് | 7239 | 502004 | 509243 | 437358 | 71885 |
| ബി. ഫണ്ട് | 0 | 61523080 | 61523080 | 61523080 | 0 |
| എസ്.ബി.ഐ.ഇ-പേയമെന്റ് | 0 | 0 | 0 | 0 | 0 |
| എസ്.ബി.ടി സാക്ഷരത | 8156 | 113064 | 121220 | 112760 | 8460 |
| ടി.എസ്.സി.ബി ദുരിതാശ്വാസ നിധി | 1249 | 47 | 1296 | | 1296 |
| കറന്റ് അക്കൗണ്ട് | | | | | |
| ട്രഷറി ടി.എസ്.ബി. | 23664750 | 14757901 | 38422651 | 8144930 | 30277721 |
| ഇ.ഡി.സി.ബി | 1880365 | 164532 | 2044897 | 2044897 | 0 |
| എസ്.ബി.ഐ -തനത് | 7812605 | 20590015 | 28402620 | 17966222 | 10436398 |
| എസ്.ബി.ഐ -ബഡ്സ് സ്കൂൾ | 0 | 0 | 0 | 0 | 0 |
| എസ്.ബി.ഐ -സാനിറ്റേഷൻ | 0 | 0 | 0 | 0 | 0 |
| ട്രഷറി എസ്.ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | 0 | 900000 | 900000 | 0 | 900000 |

.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരംലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 151 | 85727274 | 131 | 55800974 | 7 | 13 | 85.75 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7239 | 502004 | 509243 | 437358 | 71885 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 8876796 | 8876996 | 8876796 | 0 |
| ആകെ | 7239 | 9378800 | 9386039 | 9314154 | 71885 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 74520 | 152 |
| കർഷകതൊഴിലാളി പെൻഷൻ | 5412500 | 814 |
| വിധവാപെൻ ഷൻ | 13973200 | 1447 |
| വാർദ്ധക്യകാല പെൻഷൻ | 36501300 | 4147 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4480600 | 873 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 950300 | 142 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2018 -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹34150/- ടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 അഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി പരിപാലിച്ചു പോരുന്നുണ്ട്. പ്രതിദിന ഡ്യൂട്ടി കൈമാറ്റ വിവരം സാംഖ്യ, സൂചിക രസീത് നമ്പർ സഹിതം രേഖപ്പെടുത്തി ക്ളാർക്കുമാർ ഒപ്പ് വയ്ക്കുകയും ആയത് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ പരിശോധിച്ച് മേലൊപ്പ് വയ്ക്കുകയും ചെയ്യുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി

ഫ്രണ്ട് ഓഫീസ് ഡയറിയിൽ എല്ലാ വിവരങ്ങളും ചേർക്കുന്നില്ല. സേവനം നൽകിയ തീയതി ചേർത്തിട്ടില്ല. 01.08.2016 മുതൽ 07.08.2018 വരെയുള്ള ഫ്രണ്ട് ഓഫീസ് ഡയറി എഴുതിയിട്ടുള്ളത് മറ്റൊരു രജിസ്റ്ററിലാണ്. അതിനാൽത്തന്നെ അതിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിന്റെ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുള്ളതിൽ, പല ദിവസങ്ങളിലും date of delivery രേഖപ്പെടുത്തിയിട്ടില്ല. (11.5.2018, 12.03.2018, 8.3.2018, 6.3.2018, 21.02.2018 എന്നീ ദിവസങ്ങളിലേത് ഉദാഹരണം)

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം സെക്ഷനിലേക്ക് കൈമാറുന്നതിലും, എത്തിയ തപാലുകൾ കൃത്യമായി തീർപ്പാക്കുന്നതിലും കാലതാമസം വരുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) റസിഡൻഷ്യൽ സർട്ടിഫിക്കറ്റിനായി 26.12.2017 ൽ ലഭിച്ച അപേക്ഷ സെക്രട്ടറി തീർപ്പാക്കിയിരിക്കുന്നത് 10.01.2018 ലാണ്. (7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തീർപ്പാക്കേണ്ടത്)

2) കെട്ടിട ഉടമസ്ഥാവകാശത്തിനായി 21.12.2017ൽ ലഭിച്ച അപേക്ഷ സെക്രട്ടറി തീർപ്പാക്കിയിരിക്കുന്നത് 22.01.2018 ൽ

(3 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടത്)

3) പെർമിറ്റിന് വേണ്ടി 06.06.2018 ൽ ലഭിച്ച അപേക്ഷ സെക്രട്ടറി തീർപ്പാക്കിയിരിക്കുന്നത് 05.07.2018 ൽ (15 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടത്)

4) നമ്പറിംഗിനായി 8.6.2018 ൽ ലഭിച്ച അപേക്ഷ സെക്രട്ടറി തീർപ്പാക്കിയിരിക്കുന്നത് 13.08.2018 ൽ (15 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടത്)

മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച്, ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമസഭ

2017-18 ൽ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും 04/2017, 07/2017, 12/2017, 03/2018 എന്നീ മാസങ്ങളിലായി 4 തവണ വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിൽ മിക്കവാറും എല്ലാംതന്നെ ക്വാറം തികഞ്ഞുതന്നെയാണ് കൂടിയിരിക്കുന്നതും. വാർഡ് XVIൽ 21.04.2017ൽ കൂടിയ യോഗത്തിൽ മാത്രമാണ് , ആകെയുള്ള 1654 വോട്ടർമാരിൽ 55 പേർ ഹാജരാവുക വഴി ക്വാറം തികയാതിരുന്നിട്ടുള്ളത്. ഗ്രാമസഭ മിനിറ്റ്സുകളിൽ മീറ്റിംഗുകളുടെ വിവരങ്ങളെല്ലാം ചേർത്തുപോരുന്നുണ്ടെങ്കിലും, ചില മിനിറ്റ്സുകൾ അപൂർണ്ണമാണ്. ഉദാഹരണത്തിന് വാർഡ് XIVൽ, 08/04/2017ൽ കൂടിയ യോഗത്തിൽ പങ്കെടുത്ത ആളുകളുടെ പേരുവിവരം ചേർത്തിരിക്കുന്നത് അപൂർണ്ണമാണ്. ആ യോഗത്തെ സംബന്ധിച്ച് മറ്റ് യാതൊരു വിവരവും മിനിറ്റ്സിൽ ഇല്ല. മിനിറ്റ്സ് ക്ലോസ് ചെയ്തിട്ടുമില്ല. അതുപോലെ വാർഡ് XIVൽ 13.11.2016ൽ കൂടിയ മിനിറ്റ്സിൽ , മുട്ടക്കോഴി വിതരണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതിൽ, ക്രമ നമ്പർ 14 ന് ശേഷം 5 വരികൾ വിട്ടിട്ട് പിന്നീട് ക്രമ നമ്പർ 19 ആയിട്ടാണ് അടുത്ത ഗുണഭോക്താവിന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെ വാർഡ് XIII ന്റെ 8.4.2017 ലെ മിനിറ്റ്സിൽ "വീടില്ലാത്തവരുടെ സർവ്വേ നടത്തിയപ്പോൾ പേരു ചേർക്കാൻ സാധിക്കാത്ത ആളുകളുടെ പേര് ഗ്രാമസഭ വഴി ചേർക്കണമെന്ന് ആവശ്യപ്പെട്ടു " എന്ന് എഴുതിയശേഷം 2 ഗുണഭോക്താക്കളുടെ പേര് മാത്രം ചേർക്കുകയും താഴെ 8 പേരുകൾ ചേർക്കാനുള്ള സ്ഥലം വിട്ടുകളയുകയും ചെയ്തിട്ടുണ്ട്. പല വാർഡുകളിലും ഇത്തരത്തിൽ പിന്നീട് പേരുകൾ എഴുതി ചേർക്കാൻ പറ്റുംവിധത്തിലാണ് ഗുണഭോക്താക്കളുടെ ലിസ്റ്റ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമസഭ മിനിറ്റ്സുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിന് വാർഡ് മെമ്പർമാർ ജാഗ്രത പുലർത്തുന്നത് നന്നായിരിക്കും.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12.09.2018 – 13.09.2018 | ആഗസ്റ്റ് 2018 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.10.2012 മുതൽ 16.10.2012 വരെ | 2007-08മുതൽ 2011-12 വരെ | 24.12.2012 |

## 1-12 വാർഷികധനകാര്യപ്പത്രികയിലെ അപാകതകൾ

2017-18 വാർഷികധനകാര്യപ്പത്രികയും, ഈ സാമ്പത്തികവർഷം ചെലവഴിച്ച വിവിധ ഫണ്ടിനങ്ങളുടെ 'ചെലവ്' രേഖകളും പരിശോധിച്ചതിൻ പ്രകാരം അക്കൗണ്ട്സ് തയ്യാറാക്കുന്നതിലും, ബന്ധപ്പെട്ട രജിസ്റ്ററുകളും, ഫയലുകളും സൂക്ഷിക്കുന്നതിലും താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടു.

1) 2017-18 -ൽ വാർഷികധനകാര്യപ്പത്രിക പ്രകാരം 7,62,71,110/- രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ബിൽ രജിസ്റ്ററിൽ 2,95,43,936/- രൂപയ്ക്കുള്ള രേഖപ്പെടുത്തലുകൾ മാത്രമാണുള്ളത്. 4,67,27,174/- രൂപയ്ക്കുള്ള രേഖപ്പെടുത്തലുകൾ വന്നിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥർ ഇ-ബിൽ മുഖേനയും, സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴിയും, തൊഴിലുറപ്പ് പദ്ധതി ആനുകൂല്യങ്ങൾ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ വഴിയും നല്കിയതിനാൽ ഈ എൻട്രികൾ വരുന്നില്ല എങ്കിലും , പഞ്ചായത്ത് അക്കൗണ്ട്സ് റൂൾ (റൂൾ 31)പ്രകാരം എല്ലാ ബില്ലുകളും ക്രമാനുസാരിയായി രജിസ്റ്ററിൽ ചേർക്കണമെന്നിരിക്കേ ഇതിന് വിരുദ്ധമായി എല്ലാ ബില്ലുകളും രജിസ്റ്ററിൽ വരാതിരുന്നത് ധനകാര്യ സ്റ്റാൻഡിംഗ്

കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) സുലേഖ സോഫ്റ്റ് വെയർ പ്രകാരം ആകെ പദ്ധതിച്ചെലവ് 5,58,00,974/- രൂപയാണ്. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഈ ചെലവ് വാർഷികധനകാര്യപ്പത്രികയിൽ റവന്യൂ- ക്യാപ്പിറ്റൽ ചെലവുകളായി പ്രതിഫലിക്കേണ്ടതാണ്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-15,16,17,18,20 ഷെഡ്യൂളുകളിലും, തൻവർഷക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലുമായി 5,29,65,073/- രൂപയുടെ ചെലവ് മാത്രമേ വന്നതായി കാണുന്നുള്ളൂ. 28,35,901/- രൂപയുടെ ചെലവ് അക്കൗണ്ട്സിൽ പ്രതിഫലിക്കുന്നില്ല. 2017-18 സാമ്പത്തികവർഷത്തെ മൊത്തം ചെലവിൽ 28,35,901/- രൂപയുടെ കുറവ് വരുന്നു. മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21) നൽകിയ മറുപടിയിൽ വിവിധ അക്കൗണ്ടുകളുടെ റീകൺസൈലേഷൻ നടത്താതിരുന്നതുമൂലമാണ് 31.03.2018 ന് മുമ്പ് നൽകിയ ടി തുകയുടെ വിവിധ പേയ്മെന്റുകൾ അക്കൗണ്ട് ചെയ്യപ്പെടാതെ പോയത് എന്നാണ് വിശദീകരിച്ചിരിക്കുന്നത്.

അക്കൗണ്ട്സ് തയ്യാറാക്കിയതിലെ ഈ അപാകത ഗൗരവമാണ് എന്നതും, പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പോരായ്മ മൂലമാണ് മേൽ അപാകതകൾ വന്നിട്ടുള്ളതെന്നുമുള്ള വസ്തുതകൾ ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിയുടെ സവിശേഷശ്രദ്ധയിൽപ്പെടുത്തുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ട ആഭ്യന്തരനിയന്ത്രണ മാനദണ്ഡങ്ങൾ

1. ക്യാഷ്ബുക്ക് ദിനംപ്രതി പ്രിന്റ് ഔട്ട് എടുത്ത് സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരിശോധിച്ച് ഒപ്പ് വെച്ച് സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
2. ക്യാഷ്ബുക്കിനോടനുബന്ധിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
3. പ്രതിമാസ അക്കൗണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
4. ബജറ്റിൽ ബന്ധപ്പെട്ട അക്കൗണ്ട്ഹെഡ്ഡിൽ ഉൾപ്പെടുത്തിയ ചെലവുകൾ തന്നെയാണോ നടത്തുന്നത് എന്ന് ഉറപ്പുവരുത്തുക.
5. എല്ലാ പദ്ധതികളും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ നിന്നുള്ള അംഗീകാരം വാങ്ങിയതിന് ശേഷം മാത്രമേ നടപ്പാക്കാവൂ എന്ന നിബന്ധന പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
6. ബില്ലുകളും, വൗച്ചറുകളും പ്രസിഡന്റ് അധികൃതമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
7. വിവിധ ചെലവുകൾക്കായി എഴുതപ്പെട്ടതും, എന്നാൽ ബന്ധപ്പെട്ട വ്യക്തികൾക്ക്/സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെടാത്ത ചെക്കുകളുടെ സ്ഥിതിയും, ബാങ്കിൽ സമർപ്പിക്കാത്ത ഡി.ഡി./ചെക്ക് എന്നിവ യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച്ച ഉണ്ടാവുന്നുണ്ടോ എന്നതും അവലോകനം നടത്തുക.

സെക്രട്ടറി നടപ്പിലാക്കേണ്ട ആഭ്യന്തര നിയന്ത്രണമാനദണ്ഡങ്ങൾ

1. ഏത് ഫണ്ടിൽ നിന്നുള്ള വരവായാലും, ചെലവായാലും സാംഖ്യ ക്യാഷ്/ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുക.
2. ക്യാഷ്/ബാങ്ക് ബുക്ക് പ്രതിദിനം ക്ലോസ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്തു സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തുക.
3. ഓരോ മാസവും പ്രതിമാസ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് അക്കൗണ്ടന്റ് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
4. മാസാന്ത്യത്തിൽ ട്രഷറി/ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി - അപാകതകൾ

പഞ്ചായത്ത് കമ്മിറ്റിയുടെ 29.10.11ലെ 3(1) തീരുമാന പ്രകാരം ഓഡിറ്റോറിയം, റിസോർട്ട് എന്നീ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് യഥാക്രമം 40/-, 90/ രൂപ നിരക്കിൽ വസ്തു നികുതി അസസ് ചെയ്യേണ്ടതാണ്.എന്നാൽ സഞ്ചയയിലെ ഡേറ്റ പരിശോധിച്ചതിൽ മേൽ ഗണത്തിൽപ്പെട്ടതും പഞ്ചായത്തിലെ 3, 8 വാർഡുകളിൽ സ്ഥിതി

ചെയ്യുന്നതുമായ കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. പഞ്ചായത്തിന്റെ 3-ാം വാർഡിൽപ്പെടുന്ന എം.വി.മാത്യു എന്നയാളുടെ ഉടമസ്ഥതയിലുള്ള 3/178, 3/179, 3/180 , 3/181 നമ്പർ കെട്ടിടങ്ങൾ Love dale club എന്ന പേരിൽ നിലവിൽ റിസോർട്ടായാണ് പ്രവർത്തിക്കുന്നത്.എന്നാൽ സഞ്ചയയിൽ 3/178,3/180 കെട്ടിടങ്ങൾ വീട് എന്ന ഗണത്തിലും 3/179, 3/181എന്നീ കെട്ടിടങ്ങൾ യഥാക്രമം ഓഫീസ്,ഓഡിറ്റോറിയം എന്നീ ഗണങ്ങളിൽപ്പെടുത്തിയുമാണ് നികുതി നിർണയിച്ചിരിക്കുന്നത്. ഇന്റർനെറ്റിൽ ടി കെട്ടിടം റിസോർട്ടായി കാണാവുന്നതാണ്.(Resorts in Ernakulam- www.quickkerala.com)

2. പഞ്ചായത്തിന്റെ 8-ാം വാർഡിൽപ്പെടുന്ന എസ്.എൻ.ഡി.പി യോഗം പ്രസിഡന്റിന്റെ ഉടമസ്ഥതയിലുള്ള 8/113 നമ്പർ കെട്ടിടം (400 $m^2$) നിലവിൽ നിർമാല്യം എന്ന പേരിൽ ഓഡിറ്റോറിയമായാണ് പ്രവർത്തിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം 'ടി കെട്ടിടത്തെ (ഓഡിറ്റോറിയം എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 40/-രൂപ നിരക്കിൽ നികുതി നിർണയിക്കേണ്ടിയിരുന്നതിന് പകരം) വിദ്യാഭ്യാസാവശ്യത്തിനുള്ള കോളേജ് എന്ന ഗണത്തിൽപ്പെടുത്തി ച.മീറ്ററിന് 8/-രൂപ നിരക്കിലാണ് നികുതി നിർണയിച്ചിരിക്കുന്നത്.

3.പഞ്ചായത്തിന്റെ 3-ാം വാർഡിൽപ്പെടുന്ന ദീപു കെ.ജെ., കല്ലുങ്കത്തറ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3/173A നമ്പർ കെട്ടിടം (683.20 $m^2$) നിലവിൽ പ്രശസ്തമായ ഓഡിറ്റോറിയമായാണ് പ്രവർത്തിക്കുന്നത് (Jesus generation convention centre, തെക്കാട്ട് പള്ളി, കണ്ടനാട്). സഞ്ചയയിൽ മേൽ കെട്ടിടത്തിന് ച.മീറ്ററിന് 40/- രൂപ നിരക്കിൽ വസ്തുനികുതി അസസ് ചെയ്തിട്ടുണ്ടെങ്കിലും എയർ കണ്ടീഷനിംഗ് ഉള്ളത് മൂലം അടിസ്ഥാന വസ്തുനികുതിയിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം(6), പട്ടിക(7) അനുസരിച്ച് വരുത്തേണ്ട 10% വർദ്ധനവ് വരുത്തിയിട്ടില്ല.മാത്രമല്ല,മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവും കെട്ടിടത്തിന് നൽകിയിട്ടുണ്ട്.മേൽക്കൂര RCC നിർമിതമായതിനാൽ ഷീറ്റ്, ഓട്, ഓല കൊണ്ട് നിർമ്മിച്ച കെട്ടിടങ്ങൾക്ക് മേൽ ചട്ട പ്രകാരം {ചട്ടം(6) പട്ടിക(4) }ബാധകമാവുന്ന 10% ഇളവിന് ടി കെട്ടിടത്തിന് അർഹതയില്ലാത്തതാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-20, 1/10/17) മറുപടിയായി കെട്ടിടങ്ങളുടെ നികുതി പുനർനിർണയിച്ച് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

ഫീൽഡ് പരിശോധന നടത്തി എത്രയും വേഗത്തിൽ അപാകതകൾ പരിഹരിക്കേണ്ടതും ടി കെട്ടിടങ്ങളുടെ നികുതി ഉപയോഗ ക്രമമനുസൃതമായി പുനർനിർണയിച്ച് ചട്ടപ്രകാരം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

പഞ്ചായത്ത് പരിധിയിലുള്ള പഴയ കെട്ടിടങ്ങൾക്കൊപ്പം, 2017-18 വർഷം കൂട്ടിച്ചേർത്തവ ഉൾപ്പെടെ എല്ലാ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 3(1)ൽ നിർദ്ദേശിക്കുന്നതിനനുസരിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് സെക്ഷൻ (207) പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത എല്ലാ കെട്ടിടങ്ങൾക്കും നിയമാനുസൃതമായ നികുതി ചുമത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് അതിനുള്ളിലോ വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ ജോലിയിലോ ബിസിനസിലോ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. നികുതിക്ക് വിധേയവരായുടെ ലിസ്റ്റ് നിർദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കുവാൻ, തൊഴിലുടമകളോടും സ്ഥാപന മേധാവികളോടും കെട്ടിടയുടമകളോടും നോട്ടീസ് മുഖേന ആവശ്യപ്പെടാൻ പ്രസ്തുത ആക്ടിലെ സെക്ഷൻ 205 (ബി), (സി), (ഇ) എന്നിവ സെക്രട്ടറിക്ക് അധികാരം നൽകുന്നു. ഇപ്രകാരം പഞ്ചായത്തിലെ മുഴുവൻ തൊഴിലുടമകളുടേയും സ്ഥാപനങ്ങളുടേയും കെട്ടിടയുടമകളുടേയും വിവരശേഖരണം നടത്തി തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

a) ക്ഷീരോൽപ്പാദക സഹകരണ സംഘം, കണ്ടനാട്

b)മത്സ്യതൊഴിലാളി സഹകരണ സംഘം, തെക്കൻ പറവൂർ

വടക്കുംഭാഗം വനിത – 83/96

c) മത്സ്യതൊഴിലാളി സഹകരണ സംഘം, തെക്കൻ പറവൂർ

വടക്കുംഭാഗം - 72/96

d)മത്സ്യതൊഴിലാളി സഹകരണ സംഘം, ഉദയംപേരൂർ

വനിത – 74/96

e)ദർശന സൂപ്പർ മാർക്കറ്റ് (D&O ലൈസൻസ് അപേക്ഷ പ്രകാരം 7 ജീവനക്കാർ)

f)വില്ലേജ് സൂപ്പർ മാർക്കറ്റ് (D&O ലൈസൻസ് അപേക്ഷ പ്രകാരം 7 ജീവനക്കാർ)

2.കരാറടിസ്ഥാനത്തിൽ പഞ്ചായത്തിലെ വാഹനങ്ങളിൽ നിയമിതരായ ഡ്രൈവർമാരിൽ നിന്നും (വിൽസൺ.കെ.ജെ, ആംബുലൻസ് ഡ്രൈവർ, സുധീർ കെ എൻ,ബൊലേറോ ഡ്രൈവർ) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന പൂർണശ്രീ ഫിനാൻസ്, ശശികല ഫിനാൻസ്, ന്യൂ ഇൻഡ്യ ഫിനാൻസ് എന്നീ ധനകാര്യ സ്ഥാപനങ്ങളുടേയും ബി.എസ്.എൻ.എൽ, എസ്.ബി.ഐ ഉദയംപേരൂർ എന്നീ സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖ-2-3, ഖ 2-5 പ്രകാരം 16-17 വർഷം പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടേയും വിവിധ സ്ഥാപനങ്ങളിലായി ജോലി ചെയ്തിരുന്ന ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കണമെന്നാവശ്യപ്പെട്ടിരുന്നു. ആയത് ഈടാക്കിയതിന്റെ വിവരങ്ങൾ ( രസീത് നം, തീയതി) ലഭ്യമാക്കിയിട്ടില്ല..

സ്ഥാപനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് മേൽപറഞ്ഞ അപാകതകൾ പരിഹരിക്കുവാൻ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-3 ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ

1. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം (5) പ്രകാരം ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ നടത്തുന്ന ( പട്ടിക -1ൽ പരാമർശിച്ചിരിക്കുന്ന വസ്തുക്കളുടെ ഉൽപ്പാദനം, സംഭരണം, വിപണനം) ഏതൊരു വ്യക്തിയും ലൈസൻസിനുള്ള അപേക്ഷ നൽകേണ്ടതും ചട്ടം (6) , ( 7 ) എന്നിവ പ്രകാരം സെക്രട്ടറിക്ക് അപേക്ഷയിൻ മേൽ ലൈസൻസ് അനുവദിച്ച് ഉചിതമായ ഫീസ് ചുമത്താവുന്നതുമാണ്. അപ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും 3-ാം ചട്ടം പട്ടിക -1ൽ പരാമർശിച്ചിരിക്കുന്നതുമായ വസ്തുക്കളുടെ ഉൽപ്പാദനമോ സംഭരണമോ വിപണനമോ നടത്തുന്ന സ്ഥാപനങ്ങളുടെ /വ്യക്തികളുടെ വിവരങ്ങൾ മുഴുവനായി ശേഖരിച്ചിട്ടില്ല. വിവരശേഖരണം പൂർണമാക്കി ആയത് ഡി ആൻഡ് ഒ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ,ചട്ടം (8) പ്രകാരം ലൈസൻസിന്റെ കാലാവധി ,തൊട്ടടുത്ത സാമ്പത്തിക വർഷം അതനുവദിച്ച തീയതിക്ക് തലേദിവസം അവസാനിക്കുന്നതിനാൽ ആയത് പുതുക്കാതിരിക്കുന്നത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് തുല്യമാണ്. 2016-17 വർഷം ലൈസൻസ് എടുത്ത് പ്രവർത്തിച്ചിരുന്നതും എന്നാൽ 2017-18 വർഷം ലൈസൻസ് പുതുക്കാത്തതുമായ സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

ചട്ടപ്രകാരം പിഴ ചുമത്തുന്നതടക്കമുള്ള ശിക്ഷനടപടികൾ ടി സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കേണ്ടതാണ്. (സ്ഥാപനങ്ങൾ നിർത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.)

| സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | 2016-17 ലെ ലൈസൻസ് നമ്പർ |
|---|---|---|
| ക്ലിനിക്കൽ ലാബ് | നിഷിത.പി.എസ് | 367/16-17 |
| ആര്യവൈദ്യശാല | ഡോ.ആര്യ രമേശൻ | 422/16-17 |
| മരിയ പോൾട്രി ഫാം | ലിയോ അഗസ്റ്റിൻ | 449/16-17 |

3. തൊഴിൽ നികുതി – ട്രേഡേഴ്സ് ലിസ്റ്റുമായി ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ കൂടി കണ്ടെത്തിയത് താഴെപ്പറയുന്നു.

എ) മുല്ലപ്പന്തൽ റ്റോഡി ഷോപ്പ്

ബി) പടിപ്പുര റ്റോഡി ഷോപ്പ്

സി) NGF മോട്ടോഴ്സ്, വലിയകുളം

ഡി) റേഷൻ കടകൾ. (15 എണ്ണം)

ഇ) ലൗ ഡെയിൽ ക്ലബ് റിസോർട്ട്, പെരിങ്ങാട്ട് ജംഗ്ഷൻ, ഉദയംപേരൂർ

മേൽ പരാമർശങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-5/25.9.18) മറുപടി ലഭ്യമാക്കിയതിൽ ലൈസൻസ് ഇല്ലാത്തവയ്ക്ക് ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നും, ഇതുവരെ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന മുല്ലപ്പന്തൽ റ്റോഡി ഷോപ്പിന് ലൈസൻസ് എടുക്കുന്നതിന് 27.07.2017ൽ പഞ്ചായത്തിൽ നിന്നും കത്ത് നൽകുകയും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ യാതൊരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കാനും, തദ്വാരാ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിയും ജീവനക്കാരും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കുന്നതും നാടൻ ഭക്ഷണവിഭവങ്ങൾക്ക് പേര് കേട്ടതുമായ മുല്ലപ്പന്തൽ-പടിപ്പുര ഷാപ്പുകൾ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നതെന്നത് ആക്ഷേപങ്ങൾക്കിടയാക്കുമെന്നതിനാൽ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ ഫീൽഡ് സന്ദർശനം നടത്തി സ്ഥാപനങ്ങളുടെ ലിസ്റ്റ് പുതുക്കേണ്ടതാണ്. തൊഴിൽനികുതി ട്രേഡേഴ്സ് ലിസ്റ്ററുമായി ഒത്തുനോക്കി അപാകത പരിഹരിക്കാവുന്നതാണ്.

## 2-4 ആംബുലൻസ് നടത്തിപ്പ് - അപാകതകൾ

മുൻമന്ത്രി ശ്രീ കെ.ബാബുവിന്റെ വികസന ഫണ്ടിൽ നിന്നും ഉദയംപേരൂർ പഞ്ചായത്തിന് അനുവദിച്ച് നൽകിയതാണ് മാരുതി സുസുക്കി ഇക്കോകെയർ ആംബുലൻസ് (KL 07 CF 1758). ആയതിന്റെ നടത്തിപ്പ് സംബന്ധിച്ച് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലെ അപാകതകൾ താഴെപ്പറയുന്നു.

1. വാഹനത്തിന്റെ ലോഗ് ബുക്ക് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. Fuel consumption test നടത്തിയിട്ടില്ല

3. 2017-18 വർഷം 3 രസീത് ബുക്കുകളിലൂടെയായി ആകെ 197810/- രൂപ ആംബുലൻസിന്റെ വാടകയിനത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലും 180826/- രൂപയേ സാംഖ്യ പ്രകാരം വരവ് വന്നിട്ടുള്ളൂ. ആംബുലൻസിന്റെ ദിവസേനയുള്ള വാടകതുകയിൽ നിന്നും 50/- രൂപ വീതം ഡ്രൈവർ ബാറ്റയിനത്തിൽ കൈവശം വച്ചതിന് ശേഷമുള്ള തുകയാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതെന്ന് കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (എൻക്വയറിനം-3/24.9.18) ഓരോ യാത്രയ്ക്കും 50/-രൂപ വീതം വണ്ടി ക്ളീൻ ചെയ്യുന്നതിന് ബാറ്റ നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി 04.01.2017ലെ 3-ാം നമ്പറായി തീരുമാനിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർ അത് വാഹനവാടകയിൽ നിന്നും നേരിട്ട് കുറവ് ചെയ്തതിന് ശേഷമുള്ള തുക അടവാക്കിപ്പോരുകയാണ് ചെയ്തിരുന്നതെന്നും ഇനി മുതൽ ബാറ്റ തുക ഉൾപ്പെടെയുള്ള തുക പഞ്ചായത്തിൽ അടവാക്കിയ ശേഷം, ബാറ്റ തുക പിന്നീട് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4. ഡ്രൈവറുമായുള്ള (കെ.ജെ.വിൽസൺ, കറുകപ്പള്ളിൽ, തെക്കൻ പറവൂർ) കരാർ പ്രകാരം (തീ-26.10.16, ഖ-14) വാഹനം ഓടിയതിന്റെ രസീത് ബുക്ക് അന്നേ ദിവസം ഹാജരാക്കേണ്ടതും വാടക തുക അതാത് ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതുമായിരുന്നു. എന്നാൽ വാടകയിനത്തിൽ രസീത് പ്രകാരം കളക്ട് ചെയ്ത തുക ദിവസങ്ങൾക്ക് ശേഷമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം മുഴുവൻ ഇപ്രകാരമാണ് തുക അടവാക്കിയിട്ടുള്ളത്. ഇത് കേരള ഫിനാൻഷ്യൽ കോഡ് അനുഛേദം 7(1), 7(2) നിർദ്ദേശിക്കുന്നതിന് വിരുദ്ധമാണ്. ചില ദിവസങ്ങളിലെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| വാടക തുകപിരിച്ചെടുത്ത കാലയളവ് | വരവ് വന്ന തുക | അടവാക്കിയ തുക | അടവാക്കിയ തീയതി |
|---|---|---|---|
| 4.4.17-9.4.17 | 3610 | 3460 | 19.4.17 |
| 27.1.18-8.2.18 | 7750 | 7400 | 3.3.18 |
| 15.3.17-31.3.17 | 8004 | 7504 | 25.4.18 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയതിൽ, അത്യാസന്ന നിലയിലുള്ള രോഗികളുമായി പോകുന്ന സന്ദർഭങ്ങളിൽ വാടക അതേ ദിവസം ലഭിക്കാതെ വരുന്ന സാഹചര്യമുള്ളതിനാലാണ് തുക അന്നേ ദിവസം അടവാക്കാൻ സാധിക്കാതെ വരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ആംബുലൻസിന്റെ പ്രവർത്തനം ആക്ഷേപങ്ങൾക്കിടയാക്കാതെ നടത്തുന്ന വിഷയത്തിൽ ഭരണസമിതിയും, കളക്ഷൻ തുക അതാത് ദിവസംതന്നെ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതാണ്.

## 2-5 കണ്ടനാട് യോഗവിദ്യാകേന്ദ്രം - നികുതികൾ ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

പഞ്ചായത്തിലെ 3-ാം വാർഡിൽ ശ്രീ.വാസുദേവൻ, പൂത്തുകല്ലിങ്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 266-ാം നമ്പർ കെട്ടിടത്തിന്റെ കെട്ടിട നികുതി, ടി കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ശിവശക്തി യോഗവിദ്യാകേന്ദ്രം എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കൂടി ശ്രദ്ധയിൽപ്പെട്ടു.

1. സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
2. കെട്ടിടത്തിന്റെ നികുതി കൃത്യമായി ഒടുക്കിയിട്ടുണ്ടോ എന്നും, നികുതി കുടിശ്ശികയുണ്ടോ എന്നതിലും വ്യക്തതയില്ല.

ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൻ പ്രകാരം ടി കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ശിവശക്തി യോഗവിദ്യാകേന്ദ്രം എന്ന സ്ഥാപനത്തെപ്പറ്റിയും സ്ഥാപന ഉടമകളെപ്പറ്റിയും ഉദയംപേരൂർ പോലീസ് സ്റ്റേഷനിലും, ബഹു. ഹൈക്കോടതിയിലും കേസുകൾ നിലവിലുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/27.09.2018) മറുപടി ലഭ്യമാക്കിയില്ല.

ഈ സ്ഥാപനത്തെയും, അതിന്റെ പ്രവർത്തനത്തെപ്പറ്റിയും പരാതിയും ആക്ഷേപവും ഉള്ള സാഹചര്യം കണക്കിലെടുത്ത് ഉചിതമായ നടപടികൾ കൈക്കൊള്ളുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗീകൃത സ്ഥാപനത്തിന്റെ ബില്ലുകൾ ഹാജരാക്കിയില്ല - ചെലവ് നിരാകരിക്കുന്നു

(1) ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 2006 മോഡൽ മഹീന്ദ്ര ബൊലേറോ ജീപ്പ്(KL-39 4298) 2017-18 വർഷത്തിൽ പലതവണ അറ്റകുറ്റപ്പണികൾക്ക് വിധേയമായിട്ടുണ്ട്. അറ്റകുറ്റപ്പണികൾ എല്ലാം തന്നെ നെട്ടൂരിലുള്ള "യുണൈറ്റഡ് ഓട്ടോമൊബൈൽസ്" എന്ന സ്ഥാപനത്തിലാണ് ചെയ്തിട്ടുള്ളത്. 2017-18 വർഷത്തിൽ പലതവണയായി 32,390/- രൂപ ഈയിനത്തിൽ യുണൈറ്റഡ് ഓട്ടോമൊബൈൽസിന് നൽകിയിട്ടുണ്ട്. എന്നാൽ യുണൈറ്റഡ് ഓട്ടോമൊബൈൽസിന് ഗവ. അപ്രൂവൽ ലഭിച്ചിട്ടുണ്ടെങ്കിലും ഈ സ്ഥാപനം മഹീന്ദ്രയുടെ ഓതറൈസ്ഡ് സർവീസ് സെന്റർ അല്ല. എറണാകുളത്ത് മരട്, ഇടപ്പിള്ളി, കലൂർ എന്നിവിടങ്ങളിൽ മഹീന്ദ്രയുടെ ഓതറൈസ്ഡ് സർവീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് . എന്നാൽ ഒരിക്കൽപോലും ഇവിടെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്താതെ, മരടിനും അപ്പുറത്ത് നെട്ടൂരിൽ പ്രവർത്തിക്കുന്ന ഒരു സാധാരണ ഓട്ടോമൊബൈൽ വർക്ക്ഷോപ്പിൽ മാത്രം അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമല്ല. അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1."യുണൈറ്റഡ് ഓട്ടോമൊബൈൽസ്" എന്ന സ്ഥാപനത്തിന്റെ ബില്ലുകളിൽ എല്ലാംതന്നെ സ്പെയർ പാർട്സുകളുടെ വിലയാണ് അധികവും ഉൾപ്പെടുത്തിയിട്ടുള്ളത്. സ്പെയർ പാർട്സിന്റെ അംഗീകൃത വിൽപനക്കാരോ, ഡീലറോ അല്ലാത്ത, വെറും ഒരു ഓട്ടോമൊബൈൽ റിപ്പയറിംഗ് വർക്ക്ഷോപ്പ് മാത്രമായ ഈ സ്ഥാപനം സ്പെയർ പാർട്സുകളുടെ വില ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത് അതേപടി അംഗീകരിച്ചു നൽകാനിടയായതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമല്ല. സ്പെയർ പാർട്സുകളുടെ യഥാർഥ ബില്ലിന്റെ അഭാവത്തിൽ തുക കണക്കാക്കിയതിന്റെ സാംഗത്യം വ്യക്തമാകുന്നില്ല. വാഹനത്തിന്റെ A/C റിപ്പയറിംഗിനായി 9850/- രൂപയാണ് യുണൈറ്റഡ് ഓട്ടോമൊബൈൽസ് - ന് 05.05.2017ലെ ബില്ലിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ളത്. A/C റിപ്പയറിംഗ് വർക്കുകൾ ചെയ്യുന്നതിനുള്ള സംവിധാനങ്ങളൊന്നുമില്ലാത്ത ഒരു സാധാരണ ഓട്ടോമൊബൈൽസ് വർക്ക്ഷോപ്പിൽ ഇത്തരം വേലകൾ നടത്തിയെന്നതിന്റെ പേരിൽ തുക ചെലവഴിച്ചിരിക്കുന്നതിന്റെ അടിസ്ഥാനം അവ്യക്തമാണ്. ഈ പണിയിലും സ്പെയർ

പാർട്സുകളുടെ വിലയാണ് കൂടുതലായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഓരോ ബില്ലുകളിലും ഉൾപ്പെടുത്തിയിട്ടുള്ള സ്പെയർപാർട്സുകളുടെ വില വിവരം താഴെ ചേർക്കുന്നു.

| ബിൽ നം./തീയതി | വൗച്ചർ നം/തീയതി | തുക | സ്പെയർപാർട്സുകളുടെ വിവരം | |
|---|---|---|---|---|
| | | | പേര് | തുക |
| 103/<br>5/5/17 | 21700171/<br>1.6.17 | 9850 | Condenser fan<br>suction hose<br>discharge hose<br>Coolent water | 4600<br>1500<br>900<br>350 |
| ...../9.5.17 | 21700262/<br>22.6.17 | 4440 | Front door inner handle<br>Front door outer handle<br>hose<br>Front wheelRepair kit<br>Break fluid | 680<br>520<br>580<br>725<br>160 |
| 140/24.7.17 | 21700263/<br>22.6.17 | 2450 | Radiator hose<br>Coolent water<br>Oil filling hose | 850<br>350<br>950 |
| 137/1.7.17 | 21700421/<br>30.8.17 | 5870 | Power steering pump oil seal<br>Power steering oil | 850<br>320 |
| 183/..... | 21700770/<br>29.12.17 | 9870 | Oil filter<br>Engine oil<br>valve door packing<br>Anabond<br>Balance rod bush kit<br>Silencer link bush set<br>Valve door top bush kit<br>Breather hose and clamb<br>Door glass winder assembly | 210<br>1870<br>330<br>330<br>750<br>550<br>280<br>290<br>1590 |
| ആകെ ചെലവ് | | | | 19535/- |

(2). കാർത്തിക ഓട്ടോ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ആംകോ ബാറ്ററി ഈ വാഹനത്തിനായി വാങ്ങിയതിന് വൗച്ചർ 21700099/11.5.2017 പ്രകാരം 4990/- രൂപ ചെലവായിട്ടുണ്ട്. ഓട്ടോ ഇലക്ട്രിക്കൽ വർക്കുകൾ മാത്രം ചെയ്യുന്ന പ്രസ്തുത സ്ഥാപനം അംഗീകൃത ബാറ്ററി ഡീലർ അല്ല എന്നിരിക്കെ ബാറ്ററി ഇവരിൽ നിന്നും ലഭ്യമായി എന്ന രീതിയിൽ മേൽ വൗച്ചർ പ്രകാരം തുക ചെലവാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. കൂടാതെ ബാറ്ററി വാങ്ങിയപ്പോൾ ലഭിച്ചിട്ടുള്ള ഗ്യാരന്റി കാർഡ് ഓഡിറ്റിനായി ലഭ്യമാക്കുവാൻ പലതവണ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ വിവിധ ബില്ലുകളിൽ ഉൾപ്പെടുത്തിയ സ്പെയർ പാർട്സുകളുടെ വില, ബാറ്ററിയുടെ വില എന്നീ ഇനങ്ങളിലെ ചെലവ് തുകകൾ (19535 + 4990 = 24525/-) നിരാകരിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10) മറുപടി ലഭ്യമാക്കിയില്ല.

## 3-2 വാഹനത്തിന്റെ പരിപാലനം

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങളുടെ (ബൊലേറോ ജീപ്പ്, ആംബുലൻസ്) എന്നിവയുടെ ഇന്ധനക്ഷമത യഥാസമയങ്ങളിൽ പരിശോധിക്കുന്നില്ല. ഇന്ധനക്ഷമത ആറ് മാസത്തിലൊരിക്കൽ പരിശോധിക്കേണ്ടതും, ആയതിന്റെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. കൂടാതെ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും, പരിപാലനവും സംബന്ധിച്ച് നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതിന് ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വൗച്ചർ പരിശോധന – അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ,താഴെപ്പറയുന്നവയ്ക്കൊപ്പം അവയുടെ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.(എൻക്വയറി നം- 18/29.9.18) ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകളുണ്ടാവാതെ ശ്രദ്ധിക്കേണ്ടതുമാണ്.

| | |
|---|---|
| വൗച്ചർ നം - 217000317<br>തീയതി - 15.7.17<br>തുക - 10000/- | 2016-17 വർഷം 10 th, plus two ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കുംA plus വാങ്ങിയ പഞ്ചായത്തിലെ കുട്ടികൾക്ക് മൊമന്റോ വാങ്ങി (Jain metal arcade) നൽകുന്നതിന് ചെലവഴിച്ച തുക. മൊമന്റോ കൈപ്പറ്റിയ കുട്ടികളുടെ പേരുവിവരങ്ങൾ, വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ഇല്ല. |
| വൗച്ചർ നം - 21700370<br>തീയതി - 16.8.17<br>തുക - 10000/- | കൃഷിഭവന്റെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്ത് ആരംഭിച്ച "സസ്യ" യുടെ ഉദ്ഘാടനത്തിനായി ചെലവഴിച്ച തുക. ടി പദ്ധതിയുടെ ഉദ്ദേശ്യവും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിക്കുന്ന രേഖകളും ഹാജരാക്കിയില്ല. |

## 3-4 ചികിത്സാ ധനസഹായം നൽകിയത്

1. മെഡിക്കൽ ഓഫീസർ 2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയവയിൽ ക്യാൻസർ രോഗികൾക്ക് കീമോതെറാപ്പി ചികിത്സാ ധനസഹായം എന്ന പേരിൽ രണ്ട് പ്രോജക്റ്റുകളും (പ്രോജക്റ്റ് നമ്പർ SO 18/2017, SO19/2017) , ക്യാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം (പ്രോജക്റ്റ് നമ്പർ 94/2018) എന്ന പേരിൽ ഒരു പ്രോജക്റ്റും ഉൾപ്പെടുന്നു. സ്പിൽ ഓവർ പ്രോജക്ടുകളിൽ (പ്രോജക്റ്റ് നമ്പർ SO 18/2017, SO19/2017) ഓരോന്നിലും 5000/-രൂപ വീതം 2 പേർക്ക് നൽകുയതു വഴി 10,000/- യും പ്രോജക്റ്റ് നമ്പർ 94/2018 പ്രകാരം 1,20,000/- രൂപയുമാണ് ഇത്തരത്തിൽ ചെലവായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ക്യാൻസർ രോഗികളായിട്ടുള്ളവർക്ക് 5000/- രൂപ വീതം ചികിത്സാ ധനസഹായം (അക്വിറ്റൻസിൽ ഒപ്പിട്ടുവിച്ച് ധനസഹായം പണമായി നൽകി) നൽകുകയാണ് ഇതുവഴി ചെയ്തിരിക്കുന്നത്. എന്നാൽ 14.02.2018 ലെ സ.ഉ.(കൈ) നം. 22/2018/തസ്വഭവ ഉത്തരവ് (സബ്സിഡി മാർഗ്ഗരേഖ) ഖണ്ഡിക 5 ൽ, ചികിത്സാ ധനസഹായത്തിന് സബ്സിഡി നൽകാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, " മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് " എന്നും വ്യക്തമാക്കിയിട്ടുണ്ട് എന്നിരിക്കെ, പ്രോജക്റ്റ് വഴിയായി ഇത്തരത്തിൽ ധനസഹായം നൽകുന്ന നടപടി അഭിലഷണീയമല്ല. നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിലെ തുക ഉപയോഗപ്പെടുത്തുകയോ, അത് അപര്യാപ്തമാകുന്ന പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതിന് ശേഷം മാത്രം സഹായപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയോ ചെയ്യുന്നതാണ് അഭികാമ്യം.

## 3-5 ഭിന്നശേഷിയുള്ളവർക്ക് സ്കോളർ ഷിപ്പ് -അധികം നല്കിയ തുക 12000 രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം- 2/18

(ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്)

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ തുക :1600000/-രൂപ
(വികസനഫണ്ട് – 100000/-, ധനകാര്യകമ്മീഷൻ – 900000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 300000/-, ജില്ലാ പഞ്ചായത്ത് വിഹിതം – 300000/-)

ചെലവ്:1000000/-രൂപ
(വികസനഫണ്ട് – 100000/-, ധനകാര്യകമ്മീഷൻ – 900000/-)

ബിൽ നം : 4/17-18 dt 21-10-17(828000)

10/17-18 dt 26-3-18(100000)

15/17-18 dt 31-3-18(36000)

16/17-18 dt 31-3-18(36000)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്

എന്ന പദ്ധതിയിൽ താഴെ പറയുന്ന അപാകത കാണുന്നു.

ജീന ജയൻ എന്ന കുട്ടിക്ക് ആറുമാസത്തെ സ്കോളർ ഷിപ്പ് തുകയായ 12000 രൂപ രണ്ടു തവണ നല്കി (ബിൽ നം : 4/17-18 dt 21-10-17(828000), 16/17-18 dt 31-3-18(36000)). ടി വിഷയം സംബന്ധിച്ച് 28-9-18 ന് നല്കിയ ഓഡിറ്റ് എൻക്വയറി നം 16ന് മറുപടി ലഭ്യമാക്കിയില്ല. ജീന ജയൻ എന്ന കുട്ടിക്ക് അധികം നല്കിയ 12000 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം- അധികം നല്കിയ തുക 5000 രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം- 130/18
(ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം, എസ്.സി)

നിർവഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

അടങ്കൽ തുക: 300000/- രൂപ

ചെലവ്: 300000/- രൂപ

ബിൽ നം : 10/17-18 ,9-3-18(എസ്.സി.പി)

ജി.ഒ(എം.എസ്)80/17തസ്വഭവ 3-4-17 ലെ സബ്സിഡി മാർഗ്ഗ രേഖ (ഖ 11.8.2) അനുസരിച്ച് മെഡിക്കൽ എഞ്ചിനിയറിംഗ് ബിരുദബിരുദാന്തര/ഗവേഷണകോഴ്സുകൾ ഒഴികെയുള്ള മറ്റെല്ലാ കോഴ്സുകൾക്കും നല്കുന്ന ധനസഹായം 15000 രൂപ ആണ്. ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് കല്ലൂരിൽ രണ്ട് വർഷ കോഴ്സായ diploma in secretarial practice രണ്ടാം വർഷ വിദ്യാർത്ഥിയായ ആര്യ സത്യന് മറ്റെല്ലാ കോഴ്സുകൾക്കും നല്കുന്ന ധനസഹായമായ 15000രൂപയ്ക്കാണ് അർഹത എന്നിരിക്കെ 20000രൂപ നല്കി, ടി വിഷയം സംബന്ധിച്ച് 24-9-18ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം 1 ന് ലഭ്യമാക്കിയ മറുപടി ഗുണഭോക്താവ് അനർഹമായി കൈപ്പറ്റിയ 5000രൂപ തിരിച്ചടയ്ക്കുന്നതിന് കത്ത് നല്കിയിട്ടുണ്ട് എന്നാണ്. എന്നാൽ നാളിതുവരെ ഗുണഭോക്താവ് അനർഹമായി കൈപ്പറ്റിയ 5000രൂപ തിരികെ അടവാക്കിയില്ല. ആയതിനാൽ ഗുണഭോക്താവ് അനർഹമായി കൈപ്പറ്റിയ 5000രൂപ അസി.സെക്രട്ടറിയിൽ നിന്നോ ഗുണഭോക്താവിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-7 ഗ്യാരന്റി ഉറപ്പുവരുത്താതെ എയർ കണ്ടീഷനറുകൾ വാങ്ങി

മൊഡിക്കൽ ഓഫീസർ (PHC) നടപ്പിലാക്കിയ, ഫിഷറീസ് ആശുപത്രി മെഡിസിൻ സ്റ്റോറിൽ എ.സി.സ്ഥാപിക്കലും കമ്പ്യൂട്ടർ സ്ഥാപിക്കലും എന്ന പ്രോജക്റ്റ് (No. 110/18) പ്രകാരം 2017-18 വർഷത്തിൽ 2 എയർ കണ്ടീഷനറുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഇവ വാങ്ങി സ്ഥാപിക്കുന്നതിന് 76430/- ചെലവ് വന്നിട്ടുണ്ട്. എന്നാൽ ഇവയുടെ ഗ്യാരന്റി സംബന്ധമായി ഇവ വാങ്ങിയ സ്ഥാപനവുമായി (FOREVER COOLING SOLUTIONS) കരാറിൽ ഏർപ്പെടുകയോ, എയർ കണ്ടീഷനറുകളുടെ ഗ്യാരന്റി കാർഡ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുമ്പോൾത്തന്നെ ഗ്യാരന്റി കാലയളവ് നിഷ്കർഷിക്കുകയും, രേഖാമൂലം ഗ്യാരന്റി ഉറപ്പുവരുത്തിയിട്ടുള്ള ഉപകരണങ്ങൾ മാത്രം വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

## 3-8 മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ (പ്രോജക്ട് നമ്പർ 96/2018)പ്രകാരം മെഡിക്കൽ സർവീസ് കോ-സൊസൈറ്റിയിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി NEFT transfer വഴിയായി 446806/- രൂപ നൽകി. എന്നാൽ ഓഡിറ്റ് സമയം വരെ മരുന്നുകൾ ലഭ്യമായിട്ടില്ല.

മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 അപേക്ഷയിലെ വിവരങ്ങൾ നേരിൽ പരിശോധിക്കാതെ ആനുകൂല്യങ്ങൾ നല്കി

താഴെ പറയുന്ന പ്രോജക്ടുകളിലെ ഗുണഭോക്താക്കൾക്ക് അവർ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ നേരിൽ പരിശോധിച്ച് ബോദ്ധ്യപ്പെടാതെ ആനുകൂല്യം നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ട് | പേര് | അടങ്കൽ | ചെലവ് | ബിൽ നം : /തീയതി,തുക |
|---|---|---|---|---|

| നം | | തുക | | |
|---|---|---|---|---|
| 9/18 | നെൽ കൃഷി വികസനം-കൂലിചെലവ് | 207708 | 207708 | 1/17-18 dt 6-1-18, 49380രൂപ<br>3/17-18 dt 17-1-18, 109776രൂപ<br>7/17-18 dt 27-3-18, 48552രൂപ (വികസനഫണ്ട്) |
| 17/18 | കേര കൃഷി വികസനം | 989800 | 989800 | 6/17-18 dt 8-2-18, 547734രൂപ<br>12/17-18 dt 27-3-18, 439066രൂപ<br>10/17-18 dt 27-3-18, 3000രൂപ (വികസനഫണ്ട്) |

ഗുണഭോക്താക്കൾ നല്കിയ അപേക്ഷയിലെ വിവരങ്ങൾ നേരിൽ പരിശോധിച്ചതിന് ശേഷമാണ് ആനുകൂല്യങ്ങൾ നൽകേണ്ടത് എന്നിരിക്കെ, ഈ നിബന്ധന പാലിക്കാതെയാണ് പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് നിർവഹണ ഉദ്യോഗസ്ഥൻ ആനുകൂല്യങ്ങൾ നല്കിയത്. (അപേക്ഷയിൽ പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തിയില്ല).ടി വിഷയം സംബന്ധിച്ച് 28-9-18 ന് നല്കിയ ഓഡിറ്റ് എൻക്വയറി നം 15 ന് നല്കിയ മറുപടിയിൽ അപേക്ഷകളിന്മേൽ കൃഷി അസിസ്റ്റന്റുമാർ ഫീൽഡ് പരിശോധന നടത്തി ബോധ്യപ്പെട്ടതിന് ശേഷമാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നല്കിയത് എന്ന് വിശദീകരിച്ചു. ടി മറുപടി അംഗീകരിക്കുന്നു എങ്കിലും ഇത്തരത്തിലുള്ള അപാകതകൾ തുടർന്നുള്ള പ്രോജക്ടുകളിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-10** പഞ്ചായത്തിന്റേതല്ലാത്ത സ്ഥാപനത്തിന് വേണ്ടി തുക ചെലവഴിച്ചു

തീരദേശ വികസന കോർപ്പറേഷൻ നിർമിച്ചതും 20ാംവാർഡിൽ സ്ഥിതി ചെയ്യുന്നതുമായ ലൈബ്രറിക്ക് വൗച്ചർ നം - 31700296 തീയതി - 8.2.18പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലേക്ക് KSEBയിൽ 4950/-അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളോ, പഞ്ചായത്തിന്റെ കെട്ടിടമല്ലെങ്കിൽ അതിന് വൈദ്യുതി കണക്ഷൻ എടുത്ത് കൊടുക്കാനിടയാക്കിയ സാഹചര്യമെന്തെന്നോ ബോധ്യപ്പെടുത്താൻ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും (നം.18) മറുപടി ലഭ്യമാക്കിയില്ല. ഈ കെട്ടിടം CRZ മേഖലയിലായതിനാൽ ഇതിന് നമ്പരിട്ട് കൊടുക്കാനാവില്ലെന്ന് 15.11.2017 ലെ1(1)(1)-ാം നമ്പർ തീരുമാനത്തിൽ സെക്രട്ടറി അറിയിച്ചെങ്കിലും പഞ്ചായത്ത് കമ്മിറ്റി തുക അടവാക്കുവാൻ തീരുമാനിക്കുകയാണ് ഉണ്ടായത്. ആയതിനാൽ ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെയോ, സ്ഥാപനം കൈമാറിക്കിട്ടാതെയോ വൈദ്യുതി ചാർജ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ ഒഴിവാക്കേണ്ടതാണ് എന്ന് ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-11** രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല **.**-തടസ്സം **100000**രൂപ

താഴെ പറയുന്ന രേഖ ഓഡിറ്റിന് ഹാജരാക്കിയില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

.

| പദ്ധതി നമ്പർ,പേര്,ബിൽ നം,നിർവഹണഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക/ഫണ്ടിനം | ഹാജരാക്കാത്ത രേഖ, നല്കേണ്ടയാൾ |
|---|---|---|
| 157/18, സാമൂഹ്യസുരക്ഷമിഷന് വിഹിതം നല്കൽ,13/17-18 /24-3-18,സെക്രട്ടറി | 100000രൂപ,പൊതുവിഭാഗം | വിനിയോഗ സാക്ഷ്യപത്രം, എക്സിക്യൂട്ടീവ് ഡയറക്ടർ സാമൂഹ്യസുരക്ഷാമിഷൻ |

ടി വിഷയം സംബന്ധിച്ച് 28-9-18 ന് നല്കിയ ഓഡിറ്റ് എൻക്വയറി നം 11 ന് മറുപടി ലഭ്യമാക്കിയില്ല.മേൽ പറഞ്ഞ പദ്ധതിയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. മേൽ പറഞ്ഞ രേഖ ഓഡിറ്റിന് ഹാജരാക്കി 100000രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-12** എസ്.സി.ഫ്ളാറ്റ് നിർമ്മാണം-ഉപയോഗിക്കാത്ത കമ്പിക്ക് **1,41,413/-**രൂപ തുക അധികമായി നല്കിയത് തിരികെ ഈടാക്കണം.

a) എസ്.സി.ഫ്ളാറ്റ് നിർമ്മാണം- ഒന്നാം ഘട്ടം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എസ്.സി.ഫ്ളാറ്റ് നിർമ്മാണം –<br>ഒന്നാം ഘട്ടം, വാർഡ് 4 |
| പ്രൊ.നമ്പർ | എസ് 114/17 |
| അടങ്കൽ തുക | 27,24,100/-<br>(Dev.Fund-SCP)- 20,24,100/- +<br>Own Fund-7,00,000/- ) |
| കോൺട്രാക്ടറുടെ പേര് | റെജി മാത്യു |
| എഗ്രിമെന്റ് നമ്പർ- തീയതി | 29/AE/LSGD/UGP/16-17 Dtd. 09.03.2017 |
| എഗ്രിമെന്റ് തുക | 27,17,371 |
| എം- ബുക്ക് നമ്പർ | 265/16-17<br>27/AEE/UPR/17-18. |
| ആകെ പ്രവൃത്തി മൂല്യം | 1,35,392/- (Ist & Part Bill)<br>21,63,362/ (IInd & Final Bill) |
| കോൺട്രാക്ടർക്ക് നല്കിയ തുക | 1) 1,28,250/- (ട്രഷറിബിൽ നം. 15/17-18, 29.08.17)<br>2)14,83,778/-(ട്രഷറിബിൽ നം.62/17-18, തീയതി. 27.3.17)<br>3) 6,36,700/- (Own Fund )<br>22,48,728/- |

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിൽ ഇടയത്തുമുഗൾ എസ്.സി കോളനിയി ൽ 3 നിലകളിലായി 15 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി വിഭാവനം ചെയ്ത ഈ പ്രൊജക്ടിന്റെ ഒന്നാം ഘട്ടത്തിന് 23.01.2017-ലെ ഇ-ടെൻഡർ അനുസരിച്ച് ശ്രീ. റെജി മാത്യു എന്നയാൾ ബിഡ് സമർപ്പിച്ചു. 27,17,371/- രൂപയുടെ (0.99% കുറവ്) ബിഡിൽ പറഞ്ഞിരിക്കുന്ന റേറ്റുകൾ അംഗീകരിച്ച് 02.03.2017-ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 03.03.2017-ൽ സെലക്ഷൻ നോട്ടീസ് അയക്കുകയും, 09.03.2017 ൽ കരാർ വെച്ച് സൈററ് ഏറ്റെടുക്കുകയും ചെയ്തു. മേൽപ്പറഞ്ഞ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. ഈ പ്രവൃത്തിയിൽ അളവുപുസ്തകം നം. 265/16-17 ലെ പേജ് നം. 37 -ൽ ഇനം 1.13 -Steel Reinforcement for R.C.C .. എന്നതിൽ 16mm (3x2x14.60x1.58) 415.22kg കമ്പി ഉൾപ്പെടെ ആകെ 2323.802 kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുൾപ്പെടെ ഈയിനം പ്രവൃത്തിയിൽ ആകെ 8930.52 kg കമ്പി ഉപയോഗിച്ചതിന് 98.58/kg രൂപ പ്രകാരം ആകെ 8,80,370.66/- രൂപ നല്കിയിട്ടുണ്ട്. (അളവുപുസ്തകം നം. 27/AEE/UPR/17-18 പേജ് 16)

2. അളവ് പുസ്തകം നം. 265/16-17 -ലെ പേജ് നം. 37- ൽ 16mm ... എന്ന ഇനം ചെയ്യുന്നതിന് 3x2x14.60x1.58 എന്ന അളവിൽ 415.22 kg കമ്പിയാണ് ഉപയോഗിച്ചതെന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ അളവ് പ്രകാരം 138.41kg (3x2x14.6 x1.58= 138.41kg) മാത്രമാണ് വരുന്നത്. തെറ്റായി കണക്കാക്കിയിരിക്കുന്ന 415.22 kg കമ്പിയുടെ അളവ് ഉൾപ്പെടെയാണ് ആകെ 8930.52 kg ഫൈനല് ബില്ലിൽ അളവ് രേഖപ്പെടുത്തിയിരിക്കുന്നത്. (അളവ് പുസ്തകം നം. 30/AEE /UPR/17-18 പേജ് 17, 18 ).

3. അതായത് 276.81kg (415.22kg- 138.41kg) അധികമായി കണക്കാക്കിയാണ് ഈയിനത്തിൽ തുക നല്കിയിരിക്കുന്നത്.

ഇപ്രകാരം 276.81kg കമ്പിയുടെ വിലയായ 27,288/- (276.81 x 98.58) രൂപ അധികമായി നല്കിയിട്ടുണ്ട്.

b) എസ്.സി.ഫ്ളാറ്റ് നിർമ്മാണം -രണ്ടാം ഘട്ടം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എസ്.സി.ഫ്ളാറ്റ് നിർമ്മാണം –<br>രണ്ടാം ഘട്ടം, വാർഡ് 4 |
| പ്രൊ.നമ്പർ | എസ് 114/17 |
| അടങ്കൽ തുക | 30,00,000/-<br>(Dev.Fund-SCP)- 27,45,000/- +<br>Own Fund-2,55,000/- ) |
| കോൺട്രാക്ടറുടെ പേര് | റെജി മാത്യു |
| എഗ്രിമെന്റ് നമ്പർ- തീയതി | 24/AE/LSGD/UGP/17-18 Dtd. 09.01.2018 |
| എഗ്രിമെന്റ് തുക | 29,96,879 |
| എം- ബുക്ക് നമ്പർ | 29/AEE/UPR/17-18, |

| | |
|---|---|
| | 30/AEE/UPR/17-18. |
| ആകെ പ്രവൃത്തി മൂല്യം (Ist & Part Bill) | 19,35,810/ |
| കോൺട്രാക്ടർക്ക് നല്കിയ തുക | 17,03,513/- (ട്രഷറിബിൽ നം.62/17-18, തീയതി. 27.3.17) |

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിൽ ഇടയത്തുമുഗൾ എസ്.സി കോളനിയി ൽ 3 നിലകളിലായി 15 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി വിഭാവനം ചെയ്ത പ്രൊജക്ടിന്റെ രണ്ടാംഘട്ടത്തിലും 29.12.2017-ലെ ഇ-ടെൻഡർ അനുസരിച്ച് ശ്രീ. റെജി മാത്യു തന്നെയാണ് കുറഞ്ഞ ബിഡ് സമർപ്പിച്ചത്. 29,96,879 രൂപയുടെ (0.99% കുറവ്) ബിഡിൽ പറഞ്ഞിരിക്കുന്ന റേറ്റുകൾ അംഗീകരിച്ച് 08.01.2018-ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 09.01.2018-ൽ സെലക്ഷൻ നോട്ടീസ് അയക്കുകയും, 09.01.2018 ൽ കരാർ വെച്ച് സൈററ് ഏറ്റെടുക്കുകയും ചെയ്തു. മേൽപ്പറഞ്ഞ പ്രൊജക്ടിന്റെ നിർവ്വഹണത്തിലും താഴെപ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. ഈ പ്രവൃത്തിയുടെ അളവുപസ്തകത്തിൽ (29/AEE/UPR/17-18, പേജ് നം. 17 മുതൽ 20 വരെ ) ഇനം 1.13 -Steel Reinforcement for R.C.C .. എന്നതിൽ 1500.045 kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിൽ വിവിധ ഘട്ടങ്ങളിലായി ആകെ 8765.95 kg കമ്പി ഉപയോഗിച്ചതിന് 82.55/kg രൂപ പ്രകാരം ആകെ 7,23,628.76/- രൂപ നല്കിയിട്ടുണ്ട്. (അളവുപുസ്തകം നം. 30/AEE/UPR/17-18 പേജ് 17, 18 )

2. അളവ് പുസ്തകം നം. 29/AEE/UPR/17-18 -ലെ പേജ് നം. 19- ൽ 1382.50 kg കമ്പിയും, പേജ് നം. 20-ൽ 117.545 kg കമ്പിയും ഉൾപ്പെടെ ആകെ 1500.045kg കമ്പി ഉപയോഗിച്ചതിന്റെ അളവാണ് Ist Part Bill തയ്യാറാക്കിയപ്പോൾ അളവുപുസ്തകം നം. 30/AEE/UPR/17-18 പേജ് 17, 18 ലെ ആകെ അളവിൽ ൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്.

3. എന്നാൽ ആകെ അളവിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 1500.045kg കമ്പിയുടെ അളവ് കൂടാതെ ഈ അളവിൽ ഉൾപ്പെട്ട 1382.50kg വീണ്ടും കണക്കാക്കിയാണ് ആകെ കമ്പിയുടെ ഉപയോഗം 8765.95 kg എന്ന് ചേർത്ത് ആകെ തുക നല്കിയിരിക്കുന്നത്. അതായത് 7383.45kg (8765.95 kg - 1382.50 kg) കമ്പി മാത്രമാണ് ആകെ ഉപയോഗിച്ചത്. 1382.50 കി.ഗ്രാം കമ്പിയുടെ വില രണ്ടുതവണ പരിഗണിച്ചിട്ടുണ്ട്.

ഇപ്രകാരം ഈയിനത്തിൽ നൽകേണ്ടിയിരുന്ന 609503.79 ( 7383.45kg x 82.55)) രൂപയ്ക്ക് പകരം നല്കിയത് 7,23,628.76 (8765.95 kg x82.55) രൂപയാണ്. ആയതുപ്രകാരം 1,14,125/- രൂപ അധികമായി നല്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിനം. 17,19 എന്നിവയ്ക്ക് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ നല്കിയ മറുപടിയിൽ മേൽപ്പറഞ്ഞ അധികത്തുക നല്കിയത് കണക്കുകൂട്ടിയപ്പോൾ വന്ന പിശകാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞപ്രകാരം എസ്.സി ഫ്ലാറ്റ് നിർമ്മാണം എന്ന പ്രവൃത്തിയിയുടെ രണ്ട് ഘട്ടങ്ങളിലായി ഉപയോഗിക്കാത്ത കമ്പിക്ക് തുക നല്കിയിനത്തിൽ അധികമായി ചെലവഴിച്ച 1,41,413/- (27,288/- + 1,14,125/-) രൂപ ഫൈനല്ല ബിൽ നൽകാത്ത സാഹചര്യത്തിൽ, ആയത് നൽകുമ്പോൾ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-13 പൊതുശ്മശാനം നിർമ്മാണം- പൂർത്തീകരിച്ചിട്ടില്ല.- നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ശ്മശാന നിർമ്മാണത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ |
| പ്രൊ.നമ്പർ | എസ് 147/18 |
| അടങ്കൽ തുക | 35,00,000/- (12,33,000- CFC)+(3,48,029-Dev Fund Gen.)+ (10,00,000- Contribution.) +(9,18,971-Own Fund) |
| കോൺട്രാക്ടറുടെ പേര് | ആഷാ ബിബിൻ |
| എഗ്രിമെന്റ് നമ്പർ- തീയതി | 27/AE/LSGD/UGP/17-18 Dtd. 1.03.2018, |
| എഗ്രിമെന്റ് തുക | 34,98,664/- |
| എം- ബുക്ക് നമ്പർ | 28/AEE/UGP/17-18 |
| കോൺട്രാക്ടർക്ക് നല്കിയ തുക | 1)7,14,578/-(ട്രഷറിബിൽ നം.79/17-18, തീയതി. 31.3.18)<br>2)3,48,029/-(ട്രഷറിബിൽ നം.65/17-18, തീയതി. 27.3.18) |

| | |
|---|---|
| | 10,62,607/- |

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി 2015-16 വർഷം എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച 48,41,375/- രൂപ ചെലവഴിച്ച് സർവ്വെ നം. 415/1,415/5, 416/1, 411/2 എന്നീ ബ്ലോക്കുകളിലായി കിടക്കുന്ന യഥാക്രമം, 4.51 ആർ, 12.00ആർ എന്നിവയുൾപ്പെടെ 16.71 ആർ നെൽവയൽ ഏറ്റവും കുറഞ്ഞ അളവിൽ പരിവർത്തനപ്പെടുത്തി ഉപയോഗിക്കാൻ 27.11.2014-ലെ GO(MS) No. 273/2014/ കൃഷി വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലം വാങ്ങിയിരുന്നു. വർഷങ്ങളായി കൃഷി ചെയ്യാതെ കിടന്നിരുന്ന ഈ സ്ഥലത്തേക്ക് എത്തിച്ചേരാൻ റോഡില്ലാതിരുന്ന സാഹചര്യമായതിനാൽ ഈ സ്ഥലത്തേക്ക് റോഡ് നിർമ്മിച്ച് നല്കാൻ ഹാർബർ എൻജിനീയറിംഗ് വകുപ്പിന് സർക്കാർ നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ റോഡ് ഫോർമേഷൻ നടത്തിയിട്ടുണ്ട്.

GO (Rt)1688/15 ഉത്തരവ് പ്രകാരം 60,00,000/- രൂപ ശ്മശാന നിർമ്മാണത്തിനായി സർക്കാരിൽ നിന്ന് പൊതുമരാമത്ത് വകുപ്പിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ നിലം നികത്തി നല്കിയാൽ മാത്രമേ ശ്മശാന നിർമ്മാണം ആരംഭിക്കുകയുള്ളുവെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പൊതുശ്മശാനം നിർമ്മിക്കുന്നതിന് പശ്ചാത്തലസൗകര്യം ഒരുക്കുന്നതിനായി എസ് 147/18നം പ്രൊജക്ട് വിഭാവനം ചെയ്ത് 2017-18 സാമ്പത്തികവർഷം നടപ്പാക്കിയത്.

ഈ പ്രൊജക്ടിന്റെ 14.11.2017ലെ ആദ്യ ഇ ടെൻഡറിൽ ആരും പങ്കെടുത്തില്ല. തുടർന്ന് 08.01.2018ലെ റീ-ടെൻഡറിൽ ശ്രീമതി. ആഷാ ബിബിൻ എന്നയാൾ ബിഡ് സമർപ്പിച്ചു. 34,98,664/- രൂപയുടെ (0.99% കുറവ്) ബിഡിൽ പറഞ്ഞിരിക്കുന്ന റേറ്റുകൾ അംഗീകരിച്ച് 08.01.2018-ൽ 3 (1) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 09.01.2018-ൽ സെലക്ഷൻ നോട്ടീസ് അയക്കുകയും, 1.03.2018-ൽ കരാർ വെച്ച് സൈററ് ഏറ്റെടുക്കുകയും ചെയ്തു. കരാർ പ്രകാരം 31.03.2018ൽ പൂർത്തീകരിക്കേണ്ട മേൽപ്പറഞ്ഞ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന സംഗതികളിൽ വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് എൻക്വയറി നല്കിയിരുന്നു. മറുപടിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നു.

1. ഈ പദ്ധതിയുടെ അടങ്കലിൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - 12,33,000/- രൂപ, വികസന ഫണ്ട് (ജനറൽ)- 3,48,029/- രൂപ, സംഭാവന- 10,00,000/- രൂപ, തനത് ഫണ്ട് - 9,18,971/- രൂപ എന്നിങ്ങനെയാണ് വിഭവസ്രോതസ്സുകൾ കാണിച്ചിരിക്കുന്നത്. ഇതിൽ നിന്ന് ആദ്യപാർട്ട് ബില്ലിൽ ആകെ പ്രവൃത്തിമൂല്യമായ 12,07,508/- രൂപയിൽ നിന്ന് നിയമാനുസൃത കുറവുകൾ വരുത്തി 7,14,578/- രൂപയും, വികസനഫണ്ടിൽ നിന്ന് 3,48,029/- രൂപയും ഉൾപ്പെടെ ആകെ 10,62,607/- രൂപയാണ് കരാറുകാരന് നല്കിയിരിക്കുന്നത്.

2. അതേസമയം ശ്മശാന നിർമ്മാണത്തിനായി 13.08.2007-ൽ പഞ്ചായത്ത് ഡയറക്ടറിൽനിന്ന് 1,00,000/-രൂപയും, (Allotment No. J-510944/07 Dtd. 06.07.2007), Boutique Hotels (p) Ltd. എന്ന സ്ഥാപനത്തിൽ നിന്ന് 10,00,000/- രൂപ സംഭാവനയായും (Cheque.No. 204771 dtd. 26.02.2010) ലഭിച്ചിരുന്നു. തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന ഈ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.

3. ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ പ്രധാന ഇനം ശ്മാശാന നിർമ്മാണത്തിനായി തെരഞ്ഞെടുത്ത 40 സെന്റ് നിലഭൂമിയിൽ മണ്ണിട്ട് ഉയർത്തി നിർമ്മാണത്തിനായി ഒരുക്കൽ നടത്തുക എന്നതായിരുന്നു. (ഐറ്റം നം. 1.03). എന്നാൽ ആദ്യപാർട്ട് ബില്ലിൽ ഈയിനം പ്രവൃത്തി ഒഴിച്ച് മേൽപ്പറഞ്ഞ സൈറ്റിൽ 9,95, 912.40/- രൂപയുടെ തെങ്ങിൻ കഴ കൊണ്ടുള്ള പൈലിംഗ് (ഇനം.നം.1.05) മാത്രമാണ് ആദ്യഘട്ടമായി ചെയ്തിട്ടുള്ളത്. കരാർ പ്രകാരം 31.03.2018ൽ പൂർത്തീകരിക്കേണ്ട മേൽപ്പറഞ്ഞ പ്രൊജക്ടിൽ എന്തുകൊണ്ടാണ് മണ്ണ് നികത്തുന്ന ഇനം ആദ്യഘട്ടത്തിൽ ഒഴിവാക്കിയതെന്ന അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ ആദ്യ എസ്റ്റിമേറ്റിൽ മുഴവൻ സ്ഥലവും മണ്ണിട്ട് നികത്തുന്നതിനാണ് തുക വകയിരുത്തിയതെന്നും, എന്നാൽ സർക്കാർ ഉത്തരവിൽ ഏറ്റവും കുറഞ്ഞ അളവിൽ ആവശ്യമായ സ്ഥലം മാത്രം നികത്തിയാൽ മതി എന്ന നിർദ്ദേശം പാലിക്കാൻ തീരുമാനിച്ചുവെന്നും, ആയതിനാൽ മുഴവൻ സ്ഥലവും മണ്ണിട്ട് നികത്തുന്നതിൽ നിന്ന് പിന്മാറിയെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിക്കുന്നു. എന്നാൽ 2017-18 വർഷം ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നുമാണ് മറുപടിയിൽ പറയുന്നത്.

ഓഡിറ്റ് വേളയിൽ സ്ഥലപരിശോധനയിൽ പ്രസ്തുത 40 സെന്റ് ഭൂമി പുഴയോരത്തോട് ചേർന്ന് ചതുപ്പായി കിടന്നിരുന്നത് ഇപ്പോൾ ഭാഗികമായി ഗ്രാവൽ അടിച്ച് നിരപ്പാക്കിവരുന്നതായും കണ്ടു. ഈ ഭൂമിയിൽ തെങ്ങിൻ കഴ കൊണ്ട് പുഴയോരത്ത് കുറ്റിയടിച്ചാണ് മണ്ണ് ഒലിച്ച് പോകാതിരിക്കാൻ സംരക്ഷണഭിത്തി തയ്യാറാക്കിയിരിക്കുന്നത്. 01.03.2018 ൽ കരാറുകാരൻ പദ്ധതിപ്രദേശം ഏറ്റെടുത്തശേഷമാണ് മുഴവൻ ചതുപ്പ് പ്രദേശവും ഒരേ ലെവലിൽ മണ്ണിട്ട്

ഉയർത്തേണ്ടതില്ലെന്നും, നിർമ്മിതി നടക്കുന്ന പ്രദേശം മാത്രം മണ്ണിട്ട് കൂടുതൽ ഉയർത്തിയാൽ മതിയാകും എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ചതനുസരിച്ച് പ്രോജക്ട് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നടപ്പാക്കാൻ തീരുമാനമായത്. ഇത് കരാർ പ്രകാരം 31.03.2018 ൽ പൂർത്തീകരിക്കേണ്ട പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തി എന്ന് നിരീക്ഷിക്കുന്നു.

മുഴുവൻ ചതുപ്പായി കിടക്കുന്ന പദ്ധതി പ്രദേശത്ത് ആവശ്യമായ മിനിമം മണ്ണിട്ട് നികത്തൽ നടത്തിയാൽ മതിയെന്ന് കൃഷിവകുപ്പിന്റെ അനുമതിപത്രത്തിൽ നിർദ്ദേശിച്ചിട്ടും, മുഴുവൻ സ്ഥലവും മണ്ണിട്ട് നികത്താൻ എസ്റ്റിമേറ്റ് തയ്യാറാക്കി കരാർ നൽകിയതും, പിന്നീട് കരാർ ഒപ്പിട്ട് സൈറ്റ് ഏറ്റെടുത്തശേഷം എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടിവന്നതും ആസൂത്രണ പ്രക്രിയയിലെ ദീർഘവീക്ഷണക്കുറവിന്റെയും, ആവശ്യകതാ നിർണ്ണയത്തിലെ ജാഗ്രതക്കുറവിന്റെയും ലക്ഷണമായി ഓഡിറ്റ് കണക്കാക്കുന്നു.

എസ്റ്റിമേറ്റിന്റെ ഭാഗമായി ഫീൽഡ് ലെവൽസ് എടുത്തതുപ്രകാരം 4076.868m3 മണ്ണ് അടിച്ച് നികത്തിയാൽ മാത്രമേ ഈ ഭൂമി മൊത്തം ഉപയോഗയോഗ്യമാകുകയുള്ളൂ. അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ഇത്രയും അളവ് മണ്ണ് നികത്തുന്നതിന് 22,91,355/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്ന പ്രകാരം നിർമ്മിതി വരുന്ന ഭാഗം മാത്രം നികത്തുകയാണെങ്കിൽ ഇതിന്റെ പകുതി മണ്ണ് മാത്രമേ ഉപയോഗിക്കേണ്ടി വരികയുള്ളൂ. പക്ഷേ ഇതിന് വേണ്ടിപ്പോലും 10 ലക്ഷത്തിന് മേൽ ചെലവ് വരും.

4) റോഡ് പോലും ഇല്ലാതിരുന്ന മേൽപ്പറഞ്ഞ പദ്ധതി പ്രദേശം ശ്മശാന നിർമ്മാണത്തിനായി വാങ്ങാൻ തെരഞ്ഞെടുത്തപ്പോൾ റോഡ് നിർമ്മണം, പാടം നികത്തൽ എന്നീയിനങ്ങളിൽ നല്ലൊരു തുക ചെലവഴിച്ചാലേ ശ്മശാനം നിർമ്മാണം ആരംഭിക്കാൻ സാധിക്കുകതന്നെയുള്ളൂ എന്ന വസ്തുത വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ, പഞ്ചായത്ത് ഭരണസമിതിയുടെയോ പരിഗണനയ്ക്ക് വന്നതായോ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, വികസനസെമിനാർ എന്നീ വേദികളിൽ ശ്മശാനനിർമ്മാണം ചർച്ച ചെയ്യപ്പെട്ടതായോ കാണുന്നില്ല. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയതല്ലാത്തതിനാൽ സ്ഥലം വാങ്ങലിൽ പഞ്ചായത്തിന് നേരിട്ട് ഉത്തരവാദിത്തവും, പ്രത്യക്ഷ നഷ്ടവും ഇല്ലെന്നാണ് പഞ്ചായത്തിന്റെ നിലപാടെങ്കിലും ശ്മശാന നിർമ്മിതിക്കായി സ്ഥലമൊരുക്കലിന് പഞ്ചായത്ത് പദ്ധതിപ്പണത്തിൽ നിന്ന് നാളിതുവരെ 12,07,508/- രൂപയും, ഇനി ഈ പ്രൊജക്ടിൽ മണ്ണ് നികത്തുന്നതിന്റെ ചെലവ് 10 ലക്ഷത്തിൽപ്പരം രൂപയും കൂടി ചെലവ് വരും എന്നതും കൂടി കണക്കിലെടുക്കുമ്പോൾ ഈ ശ്മശാന നിർമ്മാണത്തിന് പശ്ചാത്തല സൗകര്യം ഒരുക്കാൻ മാത്രം പഞ്ചായത്തിന് കാൽക്കോടിയിൽപ്പരം രൂപ ചെലവ് വരുന്നു എന്നത് പ്രസ്താവ്യമാണ്.

5) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിച്ചത് കേവലം മെറ്റലിംഗ് മാത്രം നടത്തിയ ഒരു റോഡാണ് എന്നാണ് കാണുന്നത്. ഇതിന്മേൽ ഇനിയും തുക ചെലവഴിച്ചെങ്കിൽ മാത്രമേ ഇത് പൊതുഗതാഗതയോഗ്യമാകുകയുള്ളൂ എന്നതാണ് യാഥാർത്ഥ്യം. ഇത്തരത്തിലും ശ്മശാന നിർമ്മാണത്തിനുള്ള ഭൗതിക സാഹചര്യം ഇനിയും പൂർണ്ണമായിട്ടില്ല എന്ന് വ്യക്തമാണ്.
ചുറ്റും ചതുപ്പ് നിറഞ്ഞ ഈ ഭൂമി ശ്മശാനനിർമ്മാണത്തിനപ്പുറം വേറൊരു ആവശ്യത്തിനും നിലവിലെ അവസ്ഥയിൽ ഉപയോഗിക്കാൻ കഴിയില്ല എന്ന വസ്തുത കൂടി കണക്കിലെടുക്കുമ്പോൾ പി.ഡബ്ല്യൂ.ഡി. ഈ നികത്തുഭൂമിയിൽ നിർമ്മാണം നടത്തിയില്ലെങ്കിൽ ഇതുവരെ ചെലവഴിച്ച തുക മുഴുവൻ വെറുതെയാകും എന്നതും വസ്തുതയാണ്.

6) റോഡ് നിർമ്മണത്തിനായി ഹാർബർ എൻജിനീയറിംഗ് വിഭാഗത്തെ ഏല്പിച്ചതും, ശ്മാശാന നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ പി.ഡബ്ല്യൂ.ഡി- യെ ഏല്പിച്ചതും സർക്കാർ ആയതിനാൽ ഹാർബർ എൻജിനീയറിംഗ് വിഭാഗവുമായോ, പി.ഡബ്ല്യൂ.ഡി-യുമായോ കരാറിൽ ഏർപ്പെടേണ്ട ആവശ്യമില്ല എന്നാണ് മറുപടി നല്കിയിരിക്കുന്നത്. 31.12.2015ൽ 40 സെന്റ് സ്ഥലം അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് രജിസ്ററർ ചെയ്ത് നല്കിയിരിക്കുന്നത് എന്നതിനാൽ, പഞ്ചായത്തിന്റെ ആസ്തി എന്ന നിലയിൽ ഈ സ്ഥലത്ത് നടക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടവും, മോണിറ്ററിംഗും പഞ്ചായത്ത് ഭരണസമിതിയുടെ ഉത്തരവാദിത്തമാണ്. അതിനു വേണ്ടി ചെലവഴിച്ച എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടും, ധനകാര്യക്കമ്മീഷൻ വിഹിതവും സർക്കാർ ഗ്രാന്റെന്ന നിലയിൽ പൊതുപ്പണമാണ് എന്നതും പ്രസ്താവ്യമാണ്.

7) സാധാരണഗതിയിൽ ഇത്തരം വലിയ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് മുൻപ് പദ്ധതിയുടെ ഫീസിബിലിറ്റി പഠനം നടത്തി വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി പഞ്ചായത്ത് ഭരണസമിതി മുമ്പാകെ സമർപ്പിച്ചശേഷം ആയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് ഭരണാനുമതി, സാമ്പത്തികാനുമതി എന്നിവ നല്കുന്നത്. ഈ നടപടിക്രമങ്ങൾ പാലിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും അലംഭാവം കാണുന്നു. ഒരു നിർവ്വഹണകലണ്ടറിന്റെ അഭാവത്തിൽ എന്ന് ഈ പദ്ധതി പൂർത്തീകരിക്കാം എന്ന

ലക്ഷ്യമിടുന്നതിലും വ്യക്തത കാണുന്നില്ല.

8) പൊതുശ്മശാനം എന്ന ലക്ഷ്യത്തിനുവേണ്ടി സ്വകാര്യ വ്യക്തിയിൽ നിന്ന് സ്ഥലം വാങ്ങിയതിനുശേഷം സർക്കാർ ഫണ്ട് ( എം.എൽ.എ.ഫണ്ട്), സർക്കാർ ഗ്രാന്റ്, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കി ശ്മശാനനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിലും, അതിൽ അവശ്യം വേണ്ട ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിലും പൊതുപ്പണത്തിന്റെ കൃത്യമായ വിനിയോഗം ഉറപ്പുവരുത്തുന്നതിലും, പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ക്രിയാത്മകമായ ഇടപെടലിന്റെ പോരായ്മ തെളിഞ്ഞു കാണുന്നു. ശ്മശാന നിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് നിർവ്വഹണ ഏജൻസികളായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുമായി ഏകോപിച്ചുള്ള പ്രവർത്തനത്തിലും, ആയതിന്റെ മോണിറ്ററിംഗിലും പഞ്ചായത്തിന്റെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ്. ഈയൊരു സാഹചര്യത്തിൽ 60 ലക്ഷം രൂപ എം.എൽ.എ.ഫണ്ട് ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുവാൻ ബഹു. എം.എൽ.എ.യുടെ ഓഫീസുമായി പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. ശ്മശാന നിർമ്മാണത്തിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിൽ പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിച്ച് റോഡ് നിർമ്മാണ പൂർത്തീകരണത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായും, ശ്മശാന നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പുമായും ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുന്നതിന് ആവശ്യമെങ്കിൽ വികസന-ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെയും ചെയർപേഴ്സൺമാരെയും, സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവരെയും ഉൾപ്പെടുത്തി ഒരു ഉപസമിതി രൂപീകരിച്ച് ഇനിയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു നിർവ്വഹണ കലണ്ടർ തയ്യാറാക്കി അതനുസരിച്ച് മുന്നോട്ട് പോകാൻ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

മേൽവിഷയങ്ങളിലേക്ക് പഞ്ചായത്ത് ഭരണസമിതി, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി,വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, പൊതുമരാമത്ത് മോണിറ്ററിംഗ് സമിതി എന്നിവയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 600000 | ഭിന്ന ശേഷിക്കാർക്ക് പഠന സഹായം | 300000 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ഭിന്ന ശേഷിക്കാർക്ക് പഠന സഹായം | 300000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1880365 |
| തൻവർഷം നിക്ഷേപിച്ച ഉക | 164532 |
| ആകെ | 2044897 |
| തന്നാണ്ടിൽ പിൻവലിച്ച ഉക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2044897 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | ഉക |
|---|---|
| എറണാകുളം സർവ്വീസ് സഹകരണ ബാങ്ക് തൃപ്പൂണിത്തുറ 023385000000051 | 1608279 |
| " 023385000000059 | 436618 |
| ആകെ | 2044897 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ഉകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 to 2001-02 | 2-13 | 2006-07 | 3-51(1) | പട്ടികജാതി വിഭാഗ ത്തിനുള്ള ഭവന നിർമ്മാണം – JGSY പദ്ധതി നടപ്പിലാക്കി യതിലെ അപാകത | തീർപ്പാക്കി യിട്ടില്ല |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84743024.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76271110.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത ഉക | 182938.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഉക | 100000.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ ഉക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1) | | 7350 | ശ്രീമതി. ആർ.മണിക്കുട്ടി, സെക്രട്ടറി |
| | | 4815 | |
| | | 1170 | ശ്രീമതി.കെ.എ.സലീമ, സെക്രട്ടറി |

| | | | |
|---|---|---|---|
| | | 6200 | |
| 3-1(2) | | 4990 | ശ്രീമതി.റീന റാഫേൽ, സെക്രട്ടറി |
| 3-5 | | 12000 | ഈശ്വരി, ICDS സൂപ്പർവൈസർ |
| 3-6 | | 5000 | ശ്രീമതി.മെഴ്സി.കെ.ഒ. ,<br>അസി. സെക്രട്ടറി |
| 3-12 | | 141413 | ശ്രീമതി.ജോജി യേശുദാസ്,<br>അസി. എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 100000 | ശ്രീമതി.കെ.എ.സലീമ, സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മണിക്കുട്ടി ആർ<br>സെക്രട്ടറി | സെക്രട്ടറി,<br>മുളവുകാട് ഗ്രാമപഞ്ചായത്ത്,<br>എറണാകുളം ജില്ല | 2/468എ, രേവതി ഹൗസ്,<br>കാട്ടിപ്ര റോഡ് സൗത്ത് എൻഡ്,<br>മരട് പി.ഒ. |
| ശ്രീമതി സമീമ കെ.എ.<br>സെക്രട്ടറി | വിരമിച്ചു | കൊച്ചുപണിക്കോത്ത് റോഡ്,<br>റോസ് ലൈൻ,<br>തോട്ടക്കാട്ടുകര,<br>ആലുവ. |
| ശ്രീമതി റീന റാഫേൽ<br>സെക്രട്ടറി | സെക്രട്ടറി,<br>ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | കറുകയിൽ ഹൗസ്,<br>സെന്റ്. ആന്റണീസ് ലിങ്ക് റോഡ്,<br>തൈക്കൂടം, വൈറ്റില |
| ശ്രീമതി മേഴ്സി കെ.ഒ.<br>അസി. സെക്രട്ടറി | സെക്രട്ടറി,<br>വേലന്താവളം ഗ്രാമപഞ്ചായത്ത്,<br>പാലക്കാട് ജില്ല | ഉദയംപേരൂർ കുന്നേൽ,<br>കാഞ്ഞിരമറ്റം പി.ഒ. |
| ശ്രീമതി ഈശ്വരി,<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ,<br>ഉദയംപേരൂർ<br>ഗ്രാമപഞ്ചായത്ത് | കണ്ണഞ്ചേരിൽ ഹൗസ്,<br>ഉദയംപേരൂർ പി.ഒ. |
| ശ്രീമതി ജോജി<br>യേശുദാസ്,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്. | ബംഗ്ലാവ് പറമ്പ്,<br>കനാൽ വാർഡ്, ആലപ്പുഴ |

.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി2)93/98 തീ. 12.03.1998 |
| 1997-98 | എൽ.എഫ്.ഇ(പി4)134/2004 തീ. 25.10.2004 |

| | |
|---|---|
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതിച്ചെലവ് | എൽ.എഫ്.ഇ(പി2)15/2004 തീ. 08. 12.04 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതി വിഹിതം ഒഴികെ ചെലവ് | എൽ.എഫ്.ഇ(പി6)376/2006 തീ. 05.10.06 |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി6)2008/2007 തീ. 09.07.08 |
| 1999-2000 (വരവ്) | എൽ.എഫ്.ഇ(പി6)2009/2007 തീ. 09.07.08 |
| 2000-2001 (വരവ്) | എൽ.എഫ്.ഇ(പി6)2010/2007 തീ. 09.07.08 |
| 2001-2002 (വരവ്) | എൽ.എഫ്.ഇ(പി6)2011/2007 തീ. 09.07.08 |
| 2002-2003 | എൽ.എഫ്.ഇ(പി6)2012/2007 തീ. 09.07.08 |
| 2003-2004 | എൽ.എഫ്.ഇ(പി6)2013/2007 തീ. 09.07.08 |
| 2004-2005 | എൽ.എഫ്.ഇ(പി6)1759/2009 തീ. 17.09.09 |
| 2005-2006 | എൽ.എഫ്.ഇ(പി6)1790/2009 തീ. 17.09.09 |
| 2006-2007 | എൽ.എഫ്.ഇ(പി6)1722/2007 തീ. 13.12.07 |
| 2007-2008 | എൽ.എഫ്.ഇ(പി6)437/2009 തീ. 04.12.09 |
| 2008-2009 | എൽ.എഫ്.ഇ(പി6)292/2010 തീ. 23.09.10 |
| 2009-2010 | എൽ.എഫ്.ഇ(പി6)1826/2010 തീ. 10.05.11 |
| 2010-2011 | എൽ.എഫ്.ഇ(പി6)1614/2011 തീ. 12.10.11 |
| 2011-2012 & 2012-13 | എൽ.എഫ്.ഇ(പി6)161/2014 തീ. 26.02.14 |
| 2013-14 | കെ.എസ്.എ.ഇ.കെ.എം(പി6)1542/15തീ.17.09.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി6)1106/16തീ.07.07.16 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി6)2041/2016 തീ. 07.12.16 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി6)1651/2017 തീ. 27.09.17 |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2017-18

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ അന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

*2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെപ്പറയുന്ന*

*<u>അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല.</u>*

1) വസ്തുനികുതി സംബന്ധിച്ച് വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3) പഞ്ചായത്ത് നൽകിയിട്ടുള്ള മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകൾ ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ ബി9) Liability in respect of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല.